"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

വനം വന്യജീവി വകുപ്പ് -ജീവനക്കാര്യം -വയനാട് ഡിവിഷനു കീഴിൽ ക്ലാർക്കായി സേവനം ചെയ്യുന്ന ശ്രീമതി. മേരി ജെയിംസിന് കോഴിക്കോട് ബേബി മെമ്മോറിയൽ ആശുപത്രിയിലെ ശസ്ത്രക്രിയക്കായി പലിശരഹിത വായ്പ അനുവദിച്ച്- ഉത്തരവാകുന്നു.

---

വനം വന്യജീവി (എഫ്) വകുപ്പ്

സ.ഉ.(സാധാ) നം.187/2023/F&WLD തീയതി,തിരുവനന്തപുരം, 12-05-2023

---

പരാമർശം:-
1. ജി.ഒ.(പി).നം.45/97/ആ.ക.വ, തീയതി: 18.02.1997.
2. ജി.ഒ.(പി).നം.285/2000/ആ.ക.വ, തീയതി: 02.11.2000.
3. ജി.ഒ.(പി).നം.298/2001/ആ.ക.വ, തീയതി: 120.11.2001.
4. ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 16.03.2023 എന്നീ തീയതിയിലെ എച്ച്2/5439/2022 നമ്പർ കത്ത്.

<u>ഉത്തരവ്</u>

വനം വകുപ്പിൽ വയനാട് വനം ഡിവിഷനു കീഴിൽ സേവനം ചെയ്യുന്ന ക്ലാർക്ക് ശ്രീമതി. മേരി ജെയിംസിന് കോഴിക്കോട് ബേബി മെമ്മോറിയൽ ആശുപത്രിയിൽ ശസ്ത്രക്രിയയ്ക്കായി ( Cranioplasty - replacement of skull flap) 2,00,000/- രൂപ (രണ്ട് ലക്ഷം രൂപ മാത്രം) പലിശരഹിത വായ്പ ആവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ചിട്ടുള്ള 19.01.2023 തീയതിയിലെ അപേക്ഷയും അനുബന്ധ രേഖകളും ശുപാർശ സഹിതം പരാമർശം (4) പ്രകാരം ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ സമർപ്പിക്കുകയുണ്ടായി.

2). സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു വനം വകുപ്പിൽ സൗത്ത് വയനാട് വനം ഡിവിഷന് കീഴിൽ സേവനം ചെയ്യുന്ന ക്ലാർക്ക് ശ്രീമതി. മേരി ജെയിംസിന് (ജനന തീയതി: 16.07.1976, പെൻ: 162082) കോഴിക്കോട് ബേബി മെമ്മോറിയൽ ആശുപത്രിയിൽ ശസ്ത്രക്രിയയ്ക്കായി ( Cranioplasty - replacement of skull flap) 2,00,000/- രൂപ (രണ്ട് ലക്ഷം രൂപ മാത്രം) പലിശരഹിത വായ്പ, ശ്രീമതി മേരി ജെയിംസിന്റെ ശസ്ത്രക്രിയ കഴിഞ്ഞിട്ടില്ലായെന്ന് ഉറപ്പു വരുത്തിയതിനു ശേഷമേ തുക അനുവദിക്കാവൂ എന്ന വ്യവസ്ഥയിലും, പരാമർശം 1,2,3

ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇതുമായി ബന്ധപ്പെട്ട ചെലവ് **"7610-00-800-95(02) "** എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

3). ഇപ്രകാരം അനുവദിച്ച 2,00,000/- രൂപയുടെ പലിശ രഹിത ചികിത്സാ വായ്പ, ശ്രീമതി. മേരി ജെയിംസ് സമർപ്പിക്കേണ്ട മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് ക്ലെയിമിൽ ക്രമപ്പെടുത്തേണ്ടതും ശേഷിക്കുന്ന തുകയുണ്ടെങ്കിൽ ആയത് അപേക്ഷകയ്ക്ക് നൽകേണ്ടതുമാണ്. ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർ മേലൊപ്പിട്ട ഉപയുക്തതാ സർട്ടിഫിക്കറ്റ് പ്രസ്തുത വായ്പ കൈപ്പറ്റുന്ന തീയതി മുതൽ മൂന്ന് മാസത്തിനകം അപേക്ഷക ഹാജരാക്കേണ്ടതാണ്. ചികിൽസയ്ക്ക് ചെലവായ തുക കിഴിച്ച് ബാക്കി തുകയുണ്ടെങ്കിൽ ടി തുക ട്രഷറിയിൽ ഒടുക്കിയ ചെലാൻ അപേക്ഷക ലഭ്യമാക്കേണ്ടതും, പലിശരഹിത ചികിത്സാ വായ്പ ധനകാര്യ വകുപ്പിന്റെ അനുമതിയോടെ 3 മാസത്തിനകം ക്രമപ്പെടുത്തേണ്ടതും അല്ലാത്ത പക്ഷം 12 % നിരക്കിൽ പിഴപ്പലിശ വായ്പക്കാരിയിൽ നിന്നും ഈടാക്കുന്നതുമാണ്. പ്രസ്തുത പലിശ രഹിത ചികിത്സാ വായ്പ തുക ദുരുപയോഗപ്പെടുത്തുകയോ ഉപയോഗപ്പെടുത്താതിരിക്കുകയോ ചെയ്യുന്ന പക്ഷം ആയത് മൊത്തമായി തിരിച്ച് പിടിക്കുന്നതാണ്. കൂടാതെ, വായ്പക്കാരിക്കെതിരെ അച്ചടക്ക നടപടിയും സ്വീകരിക്കുന്നതാണ്. പ്രസ്തുത വായ്പ വിതരണം ചെയ്യുന്നതിന് മുൻപായി വായ്പ തുക, വായ്പ അനുവദിച്ച ഉത്തരവിന്റെ നമ്പറും തീയതിയും ഉൾപ്പെടെയുള്ള വിവരങ്ങൾ വായ്പക്കാരിയുടെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ്. വായ്പ കൈപ്പറ്റാതിരിക്കുകയോ, റദ്ദ് ചെയ്യപ്പെടുകയോ ചെയ്യുന്ന സാഹചര്യത്തിൽ പ്രസ്തുത വിവരം സർക്കാരിനെ കൃത്യമായും അറിയിക്കേണ്ടതാണ്. കൂടാതെ, മേപ്പടി പലിശ രഹിത ചികിൽസാ വായ്പ ക്രമീകരിക്കുന്നതിനായി പലിശ രഹിത ചികിൽസാ വായ്പയ്ക്ക് അപേക്ഷ സമർപ്പിച്ച തീയതി മുതലുള്ള ചികിൽസയുടെ ബില്ലുകൾ മാത്രമേ സമർപ്പിക്കാവൂ.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സീത എസ് ലക്ഷ്മി
അണ്ടർ സെക്രട്ടറി

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം, (അപേക്ഷയും അനുബന്ധ രേഖകളും സഹിതം).

ശ്രീമതി മേരി ജെയിംസ് (അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) മുഖാന്തരം).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

ഡിസ്ട്രിക്ട് ട്രഷറി, വയനാട്.

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് ( ജി2/452/2023/ആ.കു.വ തീയതി 26/4/2023 പ്രകാരം).

ധനകാര്യ വകുപ്പ് (2428699/ലോൺസ് എൽ3/82/2023/ധന തീയതി 8/5/2023 പ്രകാരം).

വെബ് & ന്യൂ മീഡിയ.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Noushad S

സെക്ഷൻ ഓഫീസർ

Date: 12-05-2023 14:18:27